# Desabhimani

## 31 August 2018

## Thiruvananthapuram, After Flood, Eco-Friendly Rehabilitation



# ലക്ഷ്യം പരിസ്ഥിതി സൗഹൃദ പുനരധിവാസം

**തിരുവനന്തപുരം**

ഉരുൾപൊട്ടലും മലയിടിച്ചിലും തുടർച്ചയായി ഉണ്ടാകുന്ന സ്ഥലങ്ങളിൽ നിർമാണപ്രവർത്തനം വേണമോയെന്ന് പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇത്തരം സ്ഥലത്ത് കൃഷിചെയ്യുന്നതിൽ കുഴപ്പമില്ല. എന്നാൽ, മനുഷ്യജീവൻ പ്രധാനമാണ്. സഹജീവികളെ കൊലയ്ക്കുകൊടുക്കാനാകില്ല. ദുരന്തബാധിതപ്രദേശങ്ങളിൽ താമസം അപകടമാണ്. പരിസ്ഥിതിക്കിണങ്ങുന്ന പുനരധിവാസമാണ് ലക്ഷ്യമിടുന്നത്. വിശദമായ ചർച്ചകളിലൂടെയാകും ഇത് നടപ്പാക്കുക. പരിസ്ഥിതിക്കിണങ്ങിയ സുസ്ഥിര വികസന സാങ്കേതികവിദ്യ വികസിപ്പിക്കും. അനുഭവങ്ങളിൽ നിന്ന് നിലവിലുള്ള സംവിധാനങ്ങൾക്ക് മാറ്റംവരുത്തേണ്ടതുണ്ടോയെന്ന് പരിശോധിക്കും. ജനങ്ങളെ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കും.

മത്സ്യത്തൊഴിലാളികളടക്കം എല്ലാ തൊഴിലാളികളെയും രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമാക്കും.

ഫയർഫോഴ്സിനെയും പൊലീസിനെയും ഇക്കാര്യത്തിൽ ആധുനീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.